"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ് - ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം ഓഫീസിൽ ഫോട്ടോഗ്രാഫർ തസ്തികയിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നൽകിയിട്ടുള്ള ശ്രീ അരുൺ എം.ആർ.-ന്റെ സേവനകാലാവധി ദീർഘിപ്പിച്ച് നൽകുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

കൃഷി(ഇ.ബി.) വകുപ്പ്

സ.ഉ.(സാധാ) നം.179/2024/AGRI തീയതി,തിരുവനന്തപുരം, 23-02-2024

---

പരാമർശം:-
1. സ.ഉ.(അച്ചടി) നം.28/2016/ധന തീയതി 26.02.2016
2. സ.ഉ.(അച്ചടി) നം.56/2017/ധന തീയതി 28.04.2017
3. സ.ഉ.(അച്ചടി) നം.112/2018/ധന തീയതി 21.07.2018
4. സ.ഉ.(അച്ചടി) നം.81/2019/ധന തീയതി 9.07.2019.
5. സ.ഉ.(സാധാ) നം.781/2020/കൃഷി തീയതി 17.09.2020
6. സ.ഉ.(അച്ചടി) നം.29/2021/ധന തീയതി 11.02.2021
7. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ 09.10.2020-ലെ നടപടിക്രമം.
8. സ.ഉ.(സാധാ) നം.801/2023/കൃഷി തീയതി 09.08.2023
9. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ 16.1.2024-ലെ ADFW/11935/2022-TV1 നമ്പർ കത്ത്

**ഉത്തരവ്**

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം ഓഫീസിൽ ഫോട്ടോഗ്രാഫർ തസ്തികയിൽ നിലവിലുള്ള ഒഴിവിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിന് പരാമർശം (5) പ്രകാരം ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അനുമതി നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസറുടെ പരാമർശം (7) നടപടി ക്രമം പ്രകാരം ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം ഓഫീസിൽ ഫോട്ടോഗ്രാഫർ തസ്തികയിൽ ശ്രീ.അരുൺ എം.ആർ-നെ 05.04.2021 മുതൽ 90 ദിവസത്തേയ്ക്ക് നിയമിച്ചിരുന്നു. തുടർന്ന് ശ്രീ അരുൺ എം ആർ-ന്റെ സേവന കാലാവധി അവസാനിച്ചിരുന്ന മുറയ്ക്ക് 2021 മുതൽ 2023 വരെയുള്ള വിവിധ കാലയളവുകളിൽ ടിയാന്റെ സേവനം ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. ശ്രീ. അരുൺ എം. ആർ. നു പരാമർശം (8) പ്രകാരം ദീർഘിപ്പിച്ചു നൽകിയ നിലവിലെ സേവന കാലാവധി 23.12.2023-ന് അവസാനിക്കുന്ന മുറയ്ക്ക്, 179 ദിവസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കുന്നതിന് പരാമർശം (9) പ്രകാരം കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ഡയറക്ടറുടെ ശിപാർശ പരിഗണിച്ചും, ഫാം ഇൻഫർമേഷൻ ബ്യൂറോയിൽ ഒരു ഫോട്ടോഗ്രാഫറുടെ സേവനത്തിന്റെ അനിവാര്യത കണക്കിലെടുത്തും, ദിവസ വേതന-കരാർ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥയും, മുൻകാല സേവനത്തിന് യാതൊരു അവകാശവും ഉന്നയിക്കുന്നതല്ല എന്ന നിബന്ധനയും വിധേയമായി, ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം ഓഫീസിൽ ഫോട്ടോഗ്രാഫർ തസ്തികയിൽ ജോലി ചെയ്തു വരുന്ന ശ്രീ. അരുൺ എം. ആർ.-ന്റെ സേവന കാലാവധി 23.12.2023-ന് അവസാനിക്കുന്ന മുറയ്ക്ക്, ഒരു ദിവസത്തെ ഇടവേള നൽകി, പി.എസ്.സിയിൽ നിന്നും നിയമനം ലഭിച്ച് പുതിയ ഉദ്യോഗാർത്ഥി വരുന്നത് വരെയോ, 179 ദിവസം തികയുന്നത് വരെയോ, ഇതിൽ ആദ്യം വരുന്ന തീയതി വരെ, 179 ദിവസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ച് നല്കുന്നതിന് ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർക്ക് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഷീന പോൾ
അണ്ടർ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ&ഇ) കേരള, തിരുവനന്തപുരം
കരുതൽ ഫയൽ /ഓഫീസ് കോപ്പി (AGRI-EB2/7/2024-AGRI )

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ